## പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1169

10.08.2017-ന് മറുപടിയ്ക്ക്

## സർക്കാർ വിദ്യാലയങ്ങളെ അന്തർദേശീയ നിലവാരത്തിലാക്കുന്ന പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഹൈബി ഈഡൻ<br>,, വി.ടി.ബൽറാം<br>,, കെ.എസ്.ശബരീനാഥൻ<br>,, ഷാഫി പറമ്പിൽ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സർക്കാർ വിദ്യാലയങ്ങളെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ; 2017 ജൂൺ ഒന്നിന് മുമ്പ് എത്ര സ്കൂളുകൾ പ്രസ്തുത നിലവാരത്തിലെത്തിച്ചു; | (എ) 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി മികച്ച അദ്ധ്യയന നിലവാരം ഉറപ്പാക്കുന്നതിന് വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടുകൂടി എല്ലാ നിയോജക മണ്ഡലങ്ങളിലെയും ഓരോ സ്കൂളുകളെ വീതം മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ഇതിനോടകം 113 സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ആദ്യഘട്ടത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള 37 സ്കൂളുകൾക്ക് പദ്ധതി നിർവ്വഹണത്തിനായുള്ള കിഫ്ബിയുടെ ധനസഹായത്തിന് അനുമതി ലഭ്യമായിട്ടുണ്ട്. അതോടൊപ്പം തന്നെ അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വിവിധ സ്കൂളുകളുടെ മാസ്റ്റർ പ്ലാൻ, വിശദമായ പ്രോജക്ട് റിപ്പോർട്ട് എന്നിവ തയ്യാറാക്കി വരുന്നു. ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ നവീകരിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. |

അക്കാദമിക പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

- ഒന്നുമുതൽ 12 വരെ ക്ലാസുകളിലെ കുട്ടികളുടെ പഠന പ്രയാസങ്ങൾ കണ്ടെത്തുന്നതിന് വേണ്ടി ബേസ് ലൈൻ അച്ചീവ്മെന്റ് സർവ്വെ നടത്തി. പ്രയാസകര മായ മേഖലകൾ കണ്ടെത്തി പരിഹാര ബോധനത്തിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കി.
- നിരന്തര മൂല്യനിർണ്ണയം ശക്തിപ്പെടുത്തുന്ന തിനും ശിശുകേന്ദ്രീകൃത വിദ്യാഭ്യാസം നടപ്പിലാക്കുന്നതിനുമായി മുഴുവൻ അദ്ധ്യാപകർക്കും പരിശീലനം നൽകി.
- സൂക്ഷ്മതല പാഠാസൂത്രണവും അനുബന്ധ സാമഗ്രികളും ഡിജിറ്റൽ വിഭവങ്ങളും എല്ലാ ക്ലാസുകളിലെയും എല്ലാ അദ്ധ്യാപകർക്കും ലഭ്യമാക്കുന്നതിനായി ഐറ്റി@സ്കൂളുമായി ചേർന്ന് സമഗ്ര പോർട്ടൽ ആരംഭിച്ചു.
- മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ കൂടുതൽ ജനാധിപത്യവൽക്കരിക്കുന്നതിന്റെ ഭാഗമായി 'ചോദ്യജാലകം' എന്ന സോഫ്ട്‌വെയർ തുടങ്ങി എല്ലാ അദ്ധ്യാപകർക്കും ചോദ്യങ്ങൾഅപ്‌ലോഡ് ചെയ്യാനുള്ള സംവിധാനം ഒരുക്കി.

ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രാധാന്യം നൽകുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാതല ഇംഗ്ലീഷ് പഠന കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.
സ്കൂളുകളെ അന്തർദ്ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി അക്കാദമിക മികവ് കൈവരിക്കുന്നതിന് ഉതകുന്ന വിധത്തിലുള്ള വിവരസാങ്കേതികവിദ്യാധിഷ്ഠിതമായ പരിശീലനം 2017 ജൂൺ 1ന് മുമ്പായിതന്നെ അദ്ധ്യാപകർക്ക് നൽകിക്കഴിഞ്ഞു.

| | | | |
|---|---|---|---|
| (ബി) | 45000 ക്ലാസ്സ് മുറികൾ സ്മാർട്ട് ആക്കുന്ന പദ്ധതി ഇതിനകം എത്ര | (ബി) | ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് അസംബ്ലി നിയോജക മണ്ഡലങ്ങളിലെ എട്ടു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള |

| | | | |
|---|---|---|---|
| | വിദ്യാലയങ്ങളിൽ ആരംഭിച്ചുവെന്നും, എത്ര ക്ലാസ്സ് മുറികൾ സ്മാർട്ട് ക്ലാസ്സ് ആക്കി മാറ്റുവാൻ സാധിച്ചുവെന്നും വ്യക്തമാക്കുമോ; | | സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 125 വിദ്യാലയങ്ങളിലും തിരുവനന്തപുരം, ഇടുക്കി, എറണാകുളം, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ നിന്ന് തെരഞ്ഞെടുത്ത 7 സർക്കാർ ഹൈസ്ക്കൂൾ, ഹയർ സെക്കന്ററി സ്കൂളുകളിലുമായി 1445 ക്ലാസ് മുറികൾ ഹൈടെക് ക്ലാസ് മുറികളാക്കി. മറ്റു മണ്ഡലങ്ങളിലെ സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. |
| (സി) | കിഫ്ബിയിൽ നിന്നും ഇതിനായി എത്ര തുക നീക്കിവച്ചു ; അതിൽ എത്ര തുക ചെലവഴിച്ചു; | (സി) | കിഫ്ബിയിൽ നിന്ന് ഹൈടെക് സ്കൂൾ പദ്ധതിയ്ക്കായി 493.5 കോടിയുടെ പ്രൊപ്പോസലിന് അംഗീകാരം ലഭിച്ചു. കെൽട്രോൺ മുഖേന ഐ.ടി. ഉപകരണങ്ങൾ സ്കൂളുകൾക്ക് ലഭ്യമാക്കുന്നതിനായി ടെൻഡർ നടപടികളും തുടർപ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. ഇതുവരെ സ്കൂളുകൾക്ക് ഉപകരണങ്ങൾ ലഭ്യമാക്കിയതിന് 1.21 കോടി രൂപ ചെലവഴിച്ചു. |
| (ഡി) | സർക്കാർ വിദ്യാലയങ്ങളെ അന്തർദേശീയ നിലവാരത്തിലാക്കുന്ന പദ്ധതിയുടെ പ്രതിഫലനം ഈ വർഷം സർക്കാർ സ്കൂളുകളിൽ പുതുതായി പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണത്തിൽ പ്രതിഫലിച്ചിട്ടുണ്ടോ? | (ഡി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ